**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3853** **27-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് പാലുല്പാദനക്ഷമത കൂടിയ പശുക്കളെ എത്തിച്ചു നല്കുന്നതിന് എന്തെല്ലാം സഹായമാണ് നല്കി വരുന്നതെന്ന് വിശദമാക്കാമോ? | (എ) | ഒരു പശു യൂണിററ്, 2 പശു ഡയറി യൂണിറ്റ്, 5 പശു ഡയറി യൂണിറ്റ്, 10 പശു ഡയറി യൂണിറ്റ്, 20 പശു യൂണിറ്റ്, യുവസംരംഭകർക്കായി ക്ഷീര യുവ പദ്ധതി, തോട്ടം മേഖലയിലെ കർഷകർക്കായി ക്ഷീരലയം പദ്ധതി, കയർ/ മത്സ്യബന്ധന മേഖലയിലുള്ള കർഷകർക്കായി ക്ഷീരതീരം പദ്ധതി, കിടാരി പാർക്ക് പദ്ധതി, ക്ഷീരഗ്രാമം പദ്ധതിയിലെ ഡയറി യൂണിറ്റ്പദ്ധതികൾ എന്നിവയെല്ലാം ക്ഷീരകർഷകർക്ക് പാൽ ഉത്പാദന ക്ഷമത കൂടിയ പശുക്കളെ എത്തിച്ചു നൽകുന്നതിന് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്.<br><br>കെ.എൽ.ഡി.ബോർഡ് രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ കീഴിൽ ABIP-SS സ്കീം 2023 ആഗസ്ററ് മാസം മുതൽ നടപ്പിലാക്കി വരുന്നു. മികച്ച പ്രത്യുൽപ്പാദന ക്ഷമതയുള്ള കിടാരികളുടേയും പശുക്കളുടേയും കൃത്രിമ ബീജാധാനത്തിനായി ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകൾ സ്കീമിനു കീഴിൽ ലഭ്യമാക്കിയിട്ടുണ്ട്. ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ കൃത്രിമ ബീജാധാനത്തിന് ഉപയോഗിക്കുമ്പോൾ 90 ശതമാനവും പശുക്കുട്ടികളെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ